**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 818 **25.01.2018** -ലെ മറുപടിക്ക്

## കോഴിക്കോട് ജില്ലയിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കാര്യങ്ങൾ വിശദമാക്കാമോ; എത്ര പട്ടികജാതി കോളനികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നത്; | (എ) | അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം താഴെ പറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത്.<br>1. ഇന്റേണൽ റോഡ്/ഫുട്പാത്ത്<br>2. ആശയ വിനിമയ സൗകര്യം<br>3. കുടിവെള്ള സൗകര്യങ്ങൾ<br>4. ഡ്രെയിനേജ് സൗകര്യങ്ങൾ<br>5. വൈദ്യുതീകരണം/ വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം<br>6. സോളാർ തെരുവു വിളക്ക്<br>7. സാനിട്ടേഷൻ<br>8. ഭവന പുനരുദ്ധാരണം<br>9. മാലിന്യ നിർമ്മാർജ്ജനം<br>10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)<br>11. സംരക്ഷണ ഭിത്തി നിർമ്മാണം<br>12. ഇറിഗേഷൻ<br>13. അടുക്കളത്തോട്ടം<br>14. വരുമാനദായകപദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)<br>ഒരു നിയോജക മണ്ഡലത്തിൽ നിന്നും 2 കോളനികൾ വീതം വെച്ച് 280 കോളനികളെ തെരഞ്ഞെടുത്ത് വികസനം നടത്തുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളത്. 249 |

| | | | |
|---|---|---|---|
| | | | കോളനികൾ തെരെഞ്ഞെടുത്തിട്ടുണ്ട്. 196 കോളനികൾക്കു പദ്ധതികൾ നടപ്പാക്കുന്നതിനായി 50 ലക്ഷം രൂപ വീതം അനുവദിച്ചു. |
| (ബി) | കോഴിക്കോട് ജില്ലയിൽ ഈ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; ജില്ലയിൽ വിവിധ മണ്ഡലങ്ങളിൽ നിന്നായി ഈ പദ്ധതിയിലേയ്ക്ക് നിർദ്ദേശിക്കപ്പെട്ട കോളനികൾ ഏതെല്ലാമാണെന്നും നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നുവെന്നും വിശദമാക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള 16 കോളനികളിൽ ലഭ്യമായിട്ടുള്ള 10 എണ്ണത്തിന്റെയും എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിയിലേയ്ക്ക് നിർദ്ദേശിക്കപ്പെട്ട കോളനികളുടെ വിവരം **അനുബന്ധമായി** ചേർക്കുന്നു.<br>സമയ ബന്ധിതമായി പദ്ധതി പൂർത്തീകരിക്കേണ്ടതിനാൽ എസ്റ്റിമേറ്റുകൾ ലഭ്യമാക്കുവാൻ മീറ്റിംഗ് കൂടി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | നിയോജക മണ്ഡലം | കോളനിയുടെ പേര് | | റിമാർക്ക്സ് |
|---|---|---|---|---|
| 1 | കുറ്റ്യാടി | 1 | മീനത്തുകര | |
| | | 2. | അംബേദ്കർ കോളനി (തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്) | |
| 2 | ബാലുശ്ശേരി | 3 | കരിങ്കാളിമ്മൽ | |
| 3 | പേരാമ്പ്ര | 4 | നരിമഞ്ചയ്ക്കൽ | |
| | | 5 | മോയോറക്കുന്ന് | |
| 4 | എലത്തൂർ | 6 | മേപ്പാടിചാലിൽ | |
| | | 7 | ചെറുവറ്റ IHDP | |
| 5 | കോഴിക്കോട് സൗത്ത് | 8 | കല്ലുത്താൻ കടവ് | രണ്ടും ഫീസിബിൾ അല്ല. പകരം കോളനി നിർദ്ദേശിച്ചിട്ടില്ല. |
| | | 9 | അരവിന്ദ്ഘോഷ് | |
| 6 | ബേപ്പൂർ | 10 | കോലാർകുന്ന് | |
| 7 | കുന്ദമംഗലം | 11 | ആമ്പ്രമ്മൽ | |
| | | 12 | എ.കെ.ജി.കോളനി | |
| 8 | കൊടുവള്ളി | 13 | നരോമ്പാറ | എസ്റ്റിമേറ്റ് അംഗീകരിച്ചു |
| | | 14 | അമ്പായത്തോട് | |
| 9 | തിരുവമ്പാടി | 15 | തടപ്പറമ്പ് | |
| | | 16 | കയ്യിട്ടാപ്പൊയിൽ | |

സെക്ഷൻ ഓഫീസർ